4271

എം4/36062/2018/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.5.6.2018.

**സർക്കുലർ (മാതൃക)**

വിഷയം:- സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ തളിര് മാസിക സ്കൂളുകളിൽ വരുത്തുന്നത് സംബന്ധിച്ച്.

സൂചന:- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കത്ത്.

****

സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പത്തു വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന 'തളിര്' മാസിക സംസ്ഥാനത്തെ എല്ലാ യു.പി/ഹൈസ്കൂൾ ലൈബ്രറികളിലും വരുത്തുന്നതിനുള്ള അനുവാദം എല്ലാ പ്രഥമാദ്ധ്യാപകർക്കും നൽകണമെന്ന് സൂചന പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സംസ്ഥാനത്തെ എല്ലാ യു.പി/ഹൈസ്കൂൾ പ്രഥമ അദ്ധ്യാപകർക്കും തളിര് മാസിക സ്കൂൾ ലൈബ്രറികളിൽ വരുത്തുന്നതിന് അനുവാദം നൽകുന്നു. മാസിക ഒന്നിന് 20/- രൂപയും വാർഷിക വരിസംഖ്യ 200/- രൂപയുമാണ്. ലൈബ്രറി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ കോപ്പികൾ വാങ്ങുന്നതിന് സ്കൂളുകൾക്ക് അനുമതി നൽകുന്നു. വരിസംഖ്യ മണിയോർഡർ/ഡിമാന്റ് ഡ്രാഫ്റ്റ് ആയി എഡിറ്റർ,തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, തിരുവനന്തപുരം - 695034 എന്ന വിലാസത്തിൽ അടയ്ക്കാം. പത്തോ അതിലധികമോ വാർഷികവരിസംഖ്യ ഒന്നിച്ചു അടയ്ക്കുമ്പോൾ മാസിക ഒന്നിന് 190/- രൂപ പ്രകാരം അടച്ചാൽ മതിയാകും. പത്തോ അതിലധികമോ മാസിക വരുത്തുന്ന സ്കൂളുകളിൽ തളിര് വായനാമത്സര സ്കോളർഷിപ്പ് സംഘടിപ്പിക്കുന്നതും വിജയികൾക്ക് സാക്ഷ്യപത്രവും സ്കോളർഷിപ്പായി 300/- രൂപ മുഖവിലയുള്ള മലയാള പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള കൂപ്പണും സമ്മാനമായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്നതാണെന്ന് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

ജെ.എൽ